(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-7/704/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

Ph: 04862-227332

E-mail:doidk.ksad@kerala.gov.in

തീയതി : 14.06.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കുമാരമംഗലം ഗ്രാമപഞ്ചായത്ത്

സർ

വിഷയം : – കുമാരമംഗലം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കുമാരമംഗലം** ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം** 2ലെ ഖണ്ഡികകളിലേയ്ക്കും **ഭാഗം** 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>പകർപ്പ്</u> : -

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

<u>നം.കെ.എസ്.എ-ഐ.ഡി.കെ-7/704/2017</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

Ph: 04862-227332

E-mail:doidk.ksad@kerala.gov.in

തീയതി : 14.06.2017

## ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

************************

**ഇടുക്കി ജില്ല**യിലെ **കുമാരമംഗലം** ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2017ൽ 01.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി., ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.06.2017 മുതൽ 07.06.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ. വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി എബ്രാഹം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. നിസാർ പഴേരി | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. എം. സുരേഷ് | 01.04.2016 മുതൽ 15.12.2016 വരെ |
| | ശ്രീമതി. എം. ശ്രീകല (ഹെഡ് ക്ലാർക്ക് -അധിക ചുമതല) | 16.12.2016 മുതൽ 04.01.2017 വരെ |
| | ശ്രീ. നവീൻ രാജൻ | 05.01.2017 മുതൽ 07.02.2017 വരെ |
| | ശ്രീമതി. ബിന്ദു ബി.നായർ (ഹെഡ് ക്ലാർക്ക് -അധിക ചുമതല) | 07.02.2017 മുതൽ 31.03.2017 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| അസി.എഞ്ചിനീയർ | ശ്രീ. ആർ. സജു | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. അനീറ്റ ജോർജ് | 01.04.2016 മുതൽ 12.12.2016 വരെ |
| | ഡോ. പ്രീത സൈമൺ | 13.12.2016 മുതൽ31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. സിറിയക് ജോൺ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ. ബിജുമോൻ സക്കറിയ | 01.06.2016 മുതൽ 12.07.2016 വരെ |
| | ശ്രീമതി. ഡി. മാനസ് | 13.07.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. മെൽഡ ഡേവിഡ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ. ജയരാജ് ആർ. നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ബിജോയി ജോൺ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ. ജയജീന ജെ. | 01.04.2016 മുതൽ 20.04.2016 വരെ &<br>17.12.2016 മുതൽ 31.03.2017 വരെ |
| | ഡോ. ജയമോൾ വി. ജെ. | 21.04.2016 മുതൽ 29.06.2016 വരെ |
| | ഡോ. ഡെൽവി റുബെല്ല | 30.06.2016 മുതൽ 16.12.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ജോസഫ് പി. മോസസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. എ. എം. ബക്കർ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 14 | വസ്തുനികുതി കണക്കുകൾ കാലികമാക്കിയിട്ടില്ല | 2-1 |
| 15 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-2 |
| 16 | ലോഡ്ജുകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. | 2-3 |
| 17 | വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | 2-4 |
| 18 | അനധികൃത കെട്ടിടങ്ങൾക്ക് നമ്പരിട്ട് നൽകി നികുതി ഡിമാന്റ് ചെയ്തിരുന്നുവെങ്കിലും കെട്ടിട നികുതി ഈടാക്കിയിട്ടില്ല | 2-5 |
| | ഭാഗം – 3 | |
| 19 | കുമാരമംഗലം കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ | 3-1 |
| 20 | പഞ്ചായത്ത് ഓഫീസിന് നെറ്റ് വർക്കിംഗ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-2 |
| 21 | ഈസ്റ്റ് കല്ലൂർ എൽ. പി. സ്കൂൾ മേൽക്കൂര പൊളിച്ചുമാറ്റിയ സാമഗ്രികൾ ലേലം ചെയ്തില്ല | 3-3 |
| 22 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിക്കാത്തത് | 3-4 |
| 23 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭിക്കാത്തത് | 3-5 |
| 24 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-6 |
| 25 | പാസ്സാക്കി നല്കിയതിലും അധിക തുക പിൻവലിച്ച് നല്കിയത് | 3-7 |
| | ഭാഗം – 4 | |

| | | |
|---|---|---|
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 29 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരം ₹78,01,500/- വരവും ₹7,95,69,300/- ചെലവും പ്രതീക്ഷിക്കുന്നു. 09.03.2017ലെ നമ്പർ (4) തീരുമാന പ്രകാരം അംഗീകരിച്ച പുതുക്കിയ ബജറ്റ് പ്രകാരം ₹6,32,94,229/- വരവും ₹6,87,88,126/- ചെലവും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥ വരവുചെലവുകൾ ₹2,55,70,228/-, ₹2,72,42,998/- ആണ്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2017 | 29.05.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹49,19,502/- |
| വരവ് | ₹2,55,70,228/- |
| ആകെ | ₹3,04,89,730/- |
| ചെലവ് | ₹2,72,42,998/- |
| നീക്കിയിരിപ്പ് | ₹32,46,732/- |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 6341417 | 5916214 | 93.29 |
| വികസന ഫണ്ട് (എസ്.സി.പി.) | 1797612 | 1787000 | 99.41 |
| വികസന ഫണ്ട് (ടി.എസ്.പി.) | 36978 | 13008 | 35.18 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 5574207 | 3426536 | 61.47 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2554755 | 1627741 | 63.71 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3557196 | 1022891 | 28.76 |
| പെർഫോമൻസ് ഗ്രാന്റ് | 941484 | 659952 | 70.01 |
| എം.എൻ.ആർ.ഇ.ജി.എസ്. (മുന്നിരിപ്പ് | 783526 | 782937 | 99.92 |

| | | | |
|---|---|---|---|
| ഉൾപ്പെടെ) | | | |
| ബി-ഫണ്ട് | 16549340 | 16549340 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 103 | 28679461 | 56 | 14804499 | 43 | 4 | 52 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

– ഇല്ല -

ടി.എസ്.പി.ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നി വിഭാഗങ്ങളിൽ ലഭിക്കുന്ന തുകകൾ പരമാവധി ചെലവഴിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 21.31ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2638740 | 3249504 | 610764 | 23.15 |
| നികുതിയേതര വരവുകൾ | 251675 | 242000 | (-)9675 | (-)3.84 |
| മറ്റുവരവുകൾ | 498 | 15511 | 15013 | 3014 |
| ആകെ | 2890913 | 3507015 | 616102 | 21.31 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98640 | 68 |
| കർഷകതൊഴിലാളി പെൻഷൻ | 3170800 | 364 |
| വിധവാപെൻഷൻ | 3277800 | 319 |
| വാർദ്ധക്യകാലപെൻഷൻ | 8495400 | 756 |
| വികലാംഗപെൻഷൻ | 1304700 | 118 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 202000 | 22 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5,439/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെ പരിപാലനം

*1. പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ*

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ 2014 സെപ്റ്റംബർ വരെ

മാത്രമാണ് എഴുതി പൂർത്തീകരിച്ചിട്ടുള്ളത്. രജിസ്റ്റർ കാലികമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

*2. കാഷ്വൽ ലീവ് രജിസ്റ്റർ*

ജീവനക്കാരുടെ കാഷ്വൽ ലീവ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

*3. പേഴ്സണൽ രജിസ്റ്റർ*

പഞ്ചായത്തിൽ ലഭിക്കുന്ന തപാലുകളുടെ നടപടി പുരോഗതി വീക്ഷിക്കുന്നതിനുള്ള പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഇതിനായി തയ്യാറാക്കിയിട്ടുള്ള സൂചിക സോഫ്റ്റ് വെയർ സെക്ഷനുകൾ കൃത്യതയോടെ വിവരം ഉൾപ്പെടുത്തിപ്പോരുന്നില്ല എന്നതിനാൽ ലഭിക്കുന്ന തപാലുകളുടെ നടപടി പുരോഗതി വീക്ഷിക്കുവാൻ കഴിയാത്ത സ്ഥിതിയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.05.2017 | 4/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.08.2009 - 27.08.2009 | 2008-09 വരെ | 08.10.2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) വസ്തുനികുതി കുടിശ്ശികയ്ക്ക് തൻവർഷത്തെ കണക്ക് പ്രകാരമുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

3) തൻവർഷത്തെ ആസ്തികൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

**********************

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കണക്കുകൾ കാലികമല്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതി സംബന്ധിച്ച അടിസ്ഥാന വിവരം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമാണ് സൂക്ഷിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തുനികുതിയുടെ യഥാർത്ഥ കണക്കിനെ പ്രതിഫലിപ്പിക്കുന്നില്ല. വസ്തുനികുതി തൻവർഷം വരവ്, കുടിശ്ശിക എന്നിവയുടെ യഥാർത്ഥ കണക്ക് ലഭ്യമാകാത്ത സാഹചര്യം ഗൗരവമായി വീക്ഷിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൽ-അസ്ഹർ മെഡിക്കൽ കോളേജിന്റെ, ഒന്നാം അർദ്ധവർഷത്തെയും രണ്ടാം അർദ്ധവർഷത്തെയും, അൽ-അസ്ഹർ ലോ-കോളേജ്, അൽ-അസ്ഹർ എഞ്ചിനീയറിംങ്ങ് കോളേജ്, അൽ-അസ്ഹർ ഡെന്റൽ കോളേജ് എന്നീ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ലോഡ്ജുകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ അനേകം ലോഡ്ജുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ നിന്നൊന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന ലോഡ്ജുകളിൽ നിന്ന് ലൈസൻസ് ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് നികുതി വരുമാന സ്രോതസായ വസ്തുനികുതി കാലഹരണപ്പെട്ട് പോകാതെ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി തൻവർഷ ഡിമാന്റ് ₹19,27,143/-ഉം കുടിശ്ശിക ഡിമാന്റ് ₹50,19,308/-ഉം ആയിരുന്നതിൽ യഥാക്രമം ₹14,70,996/-ഉം ₹2,97,003/-ഉം മാത്രമാണ് 2016-17ലെ പിരിവ്. വാർഷിക കണക്കുകൾ പ്രകാരമുള്ള തൻവർഷ വസ്തുനികുതി ഡിമാന്റിന്റെ 76.33 ശതമാനവും കുടിശിക ഡിമാന്റിന്റെ 5.9 ശതമാനവും മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ദൈനദിന ആവശ്യങ്ങൾക്കും തനത് വരുമാനം ഉപയോഗിച്ച് ആവിഷ്കരിക്കുന്ന വികസന പ്രവർത്തനങ്ങൾക്കും ഭംഗം വരുന്നതിന് നികുതി പിരിവിലെ കുറവ് ഇടയാക്കും. കൂടാതെ, നികുതി പിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനപ്പെടുത്തി സർക്കാരിൽ നിന്നും ധനകാര്യ കമ്മീഷനിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിനും

ഇടയാക്കും. വസ്തുനികുതി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ ഇടപെടൽ ഭരണസമിതിയുടെയും ജീവനക്കാരുടെയും ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

## 2-5 അനധികൃത കെട്ടിടങ്ങൾക്ക് നമ്പരിട്ട് നൽകി നികുതി ഡിമാന്റ് ചെയ്തിരുന്നുവെങ്കിലും കെട്ടിട നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നൂറുൽ ഇസ്ലാം ട്രസ്റ്റിന്റെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അനധികൃത നമ്പറിട്ട് നൽകിയ ശേഷം കെട്ടിട നികുതി ഡിമാന്റ് ചെയ്തിരുന്നുവെങ്കിലും 2013-14 വർഷം മുതൽ 2016-17 വർഷം വരെയുള്ള നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്ത് ഡിമാന്റ് ചെയ്തിരിക്കുന്ന തുകയാണ്(ലൈബ്രറി സെസ് ഒഴികെ) ഉൾപ്പെടുത്തിയിരിക്കുന്നത്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വിവരം | വാർഡ് നമ്പർ/ U.A നമ്പർ | ചുമത്തിയ വസ്തുനികുതി | കെട്ടിടത്തിന്റെ വിസ്തീർണ്ണം എം2 |
|---|---|---|---|
| ലോ കോളേജ് | VII/133-F | 36942 | 3040.42 |
| കാന്റീൻ | VII/133-G | 13899 | 1143.88 |
| സബ് സ്റ്റേഷൻ | VII/133-H | 69321 | 380.36 |
| പ്രിൻസിപ്പാൾ ക്വാർട്ടേഴ്സ് | VII/133-I | 3615 | 200.83 |
| പോളിടെക്നിക്ക് കോളേജ് | VII/133-J | 35850 | 2950.51 |
| ന്യൂ ഡെന്റൽ കോളേജ് | VII/133-K | 117555 | 9675.20 |
| ന്യൂ സ്റ്റാഫ് ക്വാർട്ടേഴ്സ് | VII/133-L | 10449 | 515.86 |
| പഴയ സ്റ്റാഫ് ക്വാർട്ടേഴ്സ് | VII/133-M | 11832 | 584.19 |
| പി.ജി. ബ്ലോക്ക് | VII/133-N | 36693 | 3020 |

| | | | |
|---|---|---|---|
| ബോയ്സ് ഹോസ്റ്റൽ | VII/133-O | 44307 | 2188 |
| ഹയർ സെക്കണ്ടറി സ്കൂൾ ബിൽഡിംഗ് | VII/133-P | 38832 | 3195.84 |
| ഹോസ്പിറ്റൽ | XII/279-B | 3,92,088 | 30045 |
| മെഡിക്കൽ കോളേജ് | XII/279-C | 1,28,034 | 9811 |
| ബോയ്സ് ഹോസ്റ്റൽ | XII/279-D | 1,33,044 | 6570 |
| ഗേൾസ് ഹോസ്റ്റൽ | XII/279-E | 62,067 | 3065 |
| സ്റ്റാഫ് ക്വാർട്ടേഴ്സ് | XII/279-F | 27318 | 1349 |
| | ആകെ | 1161846 | |

2013-14 വർഷം മുതൽ 2016-17വരെ ഈടാക്കേണ്ട നികുതി തുക(പഞ്ചായത്ത് അധികൃതർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളത് )കളുടെ വിവരം ചുവടെ ചേർക്കുന്നു.

| U.A നമ്പർ/വാർഡ് നമ്പർ | നികുതി തുക ₹ (2013-14 മുതൽ 2016-17 വരെ) |
|---|---|
| 133-F/VII | ₹1,47,768/- |
| 133-G/VII | ₹55,596/- |
| 133-H/VII | ₹2,77,284/- |
| 133-I/VII | ₹14,460/- |
| 133-J/VII | ₹1,43,400/- |
| 133-K/VII | ₹4,70,220/- |
| 133-L/VII | ₹41,796/- |

| | |
|---|---|
| 133-M/VII | ₹47,328/- |
| 133-N/VII | ₹1,46,772/- |
| 133-O/VII | ₹1,77,228/- |
| 133-P/VII | ₹1,55,328/- |
| 279-B/XIII | ₹15,68,352/- |
| 279-C/XIII | ₹5,12,136/- |
| 279-D/XIII | ₹5,32,176/- |
| 279-E/XIII | ₹2,48,268/- |
| 279-F/XIII | ₹1,09,272/- |
| ആകെ | ₹46,47,384/- |

നികുതി കാലഹരണപ്പെട്ട് പോകാതെ കൃത്യമായി നിർണ്ണയിച്ച് പിഴ പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

*****************

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുമാരമംഗലം കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | S0031/17<br>കുമാരമംഗലം കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ |
| ഫണ്ട് | ₹88,474/- വികസന ഫണ്ട്<br>₹62,526/- തനത് ഫണ്ട് |

| | |
|---|---|
| ചെലവ്<br>₹1,50,550/- | ചെക്ക് നം. 1578626 തീ. 04.08.2016 ₹1,07,500/-<br>ചെക്ക് നം. 100027 തീ. 05.08.2016 ₹43,050/- |

കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ മേൽ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. വികസന ഫണ്ട് ഉപയോഗിച്ച് മറ്റ് വകുപ്പുകളുടെ ചുമതലയിലിരിക്കുന്ന പദ്ധതികൾക്ക് വേണ്ടി സ്ഥലം വാങ്ങി നൽകുന്നതിന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പ്രത്യേക നിർദ്ദേശങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും വാട്ടർ അതോറിറ്റി നേരിട്ട് നടത്തുന്നതുമാണ്. വാട്ടർ അതോറിറ്റിയിയുമായി തുടർ പ്രവർത്തനങ്ങൾക്കായി യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥലത്ത് നേരിട്ട് നടത്തിയ പരിശോധനയിൽ സ്ഥലം അളന്ന് തിരിച്ച് അതിരുകൾ നിർണ്ണയിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്ഥലം നാളിതുവരെ അളന്ന് തിരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി മുൻ വർഷം ചെലവഴിച്ച ₹2,99,750/- ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളതാണ്. ഈ വർഷം വന്നിട്ടുള്ള തുടർ ചെലവ് ₹1,50,550/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പിനായി സർക്കാരിന്റെ അനുവാദം വാങ്ങേണ്ടതും സ്ഥലം അളന്ന് തിരിച്ച് പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ കൈവശത്തിലാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് ഓഫീസിന് നെറ്റ് വർക്കിംഗ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | S0035/17<br>പഞ്ചായത്ത് ഓഫീസിന് നെറ്റ് വർക്കിംഗ് |
| അടങ്കൽ | ₹1,15,908/- (തനത് ഫണ്ട്) |
| ചെലവ്<br>₹1,02,165/- | ചെക്ക് നം. 1578631 തീ. 20-09-2016 ₹1,02,165/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കുമാരമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് നടത്തുന്നതിനായി മേൽ സൂചിത പ്രോജക്ട് പ്രകാരം 2016-17 വർഷം ₹1,02,165/- ചെലവഴിച്ച് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി

നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് കൂടാതെ നേരിട്ട് നിർവ്വഹണത്തിനായി കെൽട്രോൺ എന്ന സ്ഥാപനത്തിനെ ഏല്പിക്കുകയും കെൽട്രോൺ യാതൊരു എസ്റ്റിമേറ്റും ഇല്ലാതെ ഒരു ക്വട്ടേഷൻ മാത്രം സമർപ്പിക്കുകയും അതിന്മേൽ പ്രവൃത്തി നിർവ്വഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെയാണ് തുക നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ ഗുണനിലവാര പരിശോധനാ സാക്ഷ്യപത്രവും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ലഭ്യാക്കുന്നതുവരെ ചെലവ് തുക ₹1,02,165/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഈസ്റ്റ് കല്ലൂർ എൽ. പി. സ്കൂൾ മേൽക്കൂര നിർമാണം - പൊളിച്ച് മാറ്റിയ സാമഗ്രികൾ ലേലം ചെയ്തില്ല

| | |
|---|---|
| പദ്ധതി നം. | 79/17 |
| അടങ്കൽ | ₹4,90,000/- |
| ചെലവ് | ₹3,50,958/- (ബിൽ നം.18/16-17 തീ.31.03.2017) |

ഈ പദ്ധതി പ്രകാരം ഈസ്റ്റ് കല്ലൂർ എൽ. പി. സ്കൂളിന്റെ നിലവിലുണ്ടായിരുന്ന ഓട് മേഞ്ഞ മേൽക്കൂര 269.55 ച.മീ. പൊളിച്ച മാറ്റി സ്റ്റീൽ ട്രസ്സ് നടത്തി അലൂമിനിയം മേച്ചിൽ നടത്തിയിട്ടുണ്ട്. പൊളിച്ച് മാറ്റിയ ഉപയോഗ യോഗ്യമായ സാമഗ്രികൾ സുരക്ഷിതമായി സൂക്ഷിച്ചിട്ടുള്ളതായി അസി. എഞ്ചിനീയർ എം.ബുക്ക് പേജ് 1ൽ 2.2.17ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനായി മൂല്യനിർണ്ണയം നടത്തി സെക്രട്ടറിയ്ക്ക് കൈമാറിയിട്ടില്ല. ഈ വസ്തുക്കൾ ലേലം ചെയ്ത് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-4 ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | S0014/17, ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |

| | |
|---|---|
| അടങ്കൽ | ₹2,30,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് ₹1,30,000/- | ബിൽ നം. 1/16-17 തീയതി. 22.02.2017 ₹1,30,000/- |

ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രാകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹2,30,000/- തൃശ്ശൂർ ഔഷധിയ്ക്ക് 14.01.2017ലെ 1405 നമ്പർ പ്രോഫോർമ ഇൻവോയ്സ് പ്രകാരം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയ്ക്കുള്ള സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതും ഇൻവോയ്സ് പ്രകാരമുള്ള മരുന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക ₹2,30,000/- തടസ്സപ്പെടുത്തുന്നു.

## 3-5 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | S0040/17, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | ₹1,30,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് ₹1,30,000/- | ബിൽ നം. 1/16-17 തീയതി. 22.02.2017<br>₹1,30,000/- |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹1,30,000/- ആലപ്പുഴ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയ്ക്കുള്ള സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതും മരുന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക ₹1,30,000/- തടസ്സപ്പെടുത്തുന്നു.

## 3-6 ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തത്

| ബിൽനം | തുക ₹ | ചെലവിനം |
|---|---|---|
| 91/17.05.2016 | 30000/ | ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി പിൻവലിച്ചത്. പ്രോജക്റ്റ്, ചെലവ് |

| | | |
|---|---|---|
| | | രേഖകൾ എന്നിവ ഹാജരാക്കിയില്ല |
| 249/04.08.2016 | 10000/- | -ടി- |
| 94/21.05.2016 | 45816/- | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് നല്കുന്നതിനായി പിൻവലിച്ചത്, ചെലവ് രേഖകൾ ഹാജരാക്കിയില്ല. |
| ആകെ | 85816/- | |

ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹85,816/- പിൻവലിച്ചത് തടസ്സപ്പെടുത്തുന്നു.

## 3-7 പാസാക്കി നല്കിയതിലും അധിക തുക ഫിൻവലിച്ച് നല്കിയത്

സെക്രട്ടറിയുടെ 3/16, 4/16, 5/16 എന്നീ മാസങ്ങളിൽ ശമ്പളമിനത്തിൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ പാസ്സാക്കി നല്കിയതിലും അധിക തുക നല്കിയതായി കാണുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽനം | അർഹമായതുക ₹ | പിൻവലിച്ച തുക ₹ | അധികം ₹ |
|---|---|---|---|
| 1/02.04.2016(3/16) | 43127 | 43897 | 770 |
| 54/02.05.2016(4/16) | 43127 | 43897 | 770 |
| 115/01.06.2016(5/16) | 44747 | 45517 | 770 |
| | | | 2310 |

അധികം നല്കിയ തുക ₹2,310/- തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

********************

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

## 4-2 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

– ഇല്ല –

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹2,55,70,228/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,72,42,998/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,98,531/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 150550 | ശ്രീ. എം. സുരേഷ്, സെക്രട്ടറി |
| 3-2 | 102165 | ശ്രീ. എം. സുരേഷ്, സെക്രട്ടറി |
| 3-4 | 230000 | ഡോ. ജോസഫ് പി. മോസ്സസ് , മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| 3-5 | 130000 | ഡോ. എ. എം. ബക്കർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-6 | 85816 | ശ്രീ. എം. സുരേഷ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

- ഇല്ല -

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1976-77 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1979-80 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1980-81 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1981-82 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1983-84 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1996-97 | എൽ.എഫ്.ഐ 6/137/98,13-07-1998 | |
| 1997-98 | എൽ.എഫ്.ഐ7/63/99,30-06-1999 | |
| 1998-99 | എൽ.എഫ്.ഐ 7/218/2000,29-11-2000 | |
| 1999-2000 | എൽ.എഫ്.ഐ 7/365/01,09/11/2001 | |
| 2000-01 | എൽ.എഫ്.ഐ 7/33/03,31-07-2003 | |
| 2001-02 | എൽ.എഫ്.ഐ 7/555/03,06-03-2004 | |
| 2002-03 | എൽ.എഫ്.ഐ 7/408/2004,02-12-2004 | |
| 2003-04 | എൽ.എഫ്.ഐ 7/798/07/31-12-2007 | |
| 2004-05 | എൽ.എഫ്.ഐ 7/805/07,31-12-2007 | |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ഐ 7/801/2008,09-11-2009 | |
| 2006-07 | എൽ.എഫ്.ഐ 9/801(എ )/08,09-11-2009 | |
| 2007-08 | എൽ.എഫ്.ഐ 9/823/10,07-10-2011 | |
| 2008-09 | എൽ.എഫ്.ഐ 9/924/11,11-05-2012 | |
| 2009-10 | എൽ.എഫ്.ഐ 9/943/11,11-05-2012 | |
| 2010-11 | എൽ.എഫ്.ഐ 9/175/13,07-08-2013 | |
| 2011-12 | എൽ.എഫ്.ഐ 9/1056/05,04.02.2014 | |
| 2012-13<br>2013-14 | എൽ.എഫ്.ഐ7/659/2014,31-07-2014/<br>11-8-2014 | |
| 2014-15 | എൽ.എഫ്.ഐ7/1020/2015, 09.10.2015 | |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ 7/78/2017/23.1.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-7/704/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph: 04862-227332
E-mail:doidk.ksad@kerala.gov.in
തീയതി : 14.06.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ **കുമാരമംഗലം** ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുമാരമംഗലം** ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK/7/704/2017.

Kerala State Audit Department

District Audit Office
Idukki, Thodupuzha
Ph: 04862-227332

*E-mail : doidk.ksad@kerala.gov.in*
Dated : 14.06.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KUMARAMANGALAM Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of KUMARAMANGALAM Grama Panchayat for the year 2016-17 except observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR

IDUKKI